# യുവാവിനെ ആക്രമിച്ച കേസിൽ രണ്ടാം പ്രതി പിടിയിൽ

കാലടി മഞ്ഞപ്രയിൽ യുവാവിനെ ആക്രമിച്ച് പരിക്കേൽപ്പിച്ച കേസിൽ രണ്ടാം പ്രതി പിടിയിൽ. മഞ്ഞപ്ര സെബിപുരം കൊടുങ്ങൂക്കാരൻ വീട്ടിൽ ബെറ്റിൻ (40) ആണ് കാലടി പോലീസിൻറെ പിടിയിലായത്. സംഭവവുമായി ബന്ധപ്പെട്ട് ക്രിസ്റ്റിൻ, ആഷിക്, സേവ്യർ, ടോണി, റെജി എന്നിവരെ നേരത്തെ പിടികൂടിയിരുന്നു. മഞ്ഞപ്ര വച്ച് മറ്റൂർ തോട്ടകം പള്ളിപ്പാടൻ വീട്ടിൽ ഗോൾബിനെയാണ് സംഘം ആക്രമിച്ചത്. അക്രമണത്തിൽ ഗുരുതര പരിക്കുപറ്റിയ ഗോൾബിൻ ആശുപത്രിയിൽ ചികിത്സയിലാണ്. കാലടി മാണിക്യമംഗലം ബേബിക്കവല ഭാഗത്ത് ഷൈജു എന്നയാളുടെ വീട്ടിൽ അതിക്രമിച്ചു കയറി ദേഹോപദ്രവം ചെയ്ത ശ്യാം, ബെറ്റിൻ എന്നിവരടങ്ങിയ സംഘത്തിനെതിരെ പോലീസിൽ പരാതി നൽകാൻ പറഞ്ഞതിലുള്ള വിരോധമാണ് ഗോൾബിനെ ആക്രമിക്കാൻ കാരണം. റൂറൽ ജില്ലാ പോലീസ് മേധാവി കെ.കാർത്തിക്കിന്റെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണ സംഘത്തിൽ. കാലടി ഇൻസ്പെക്ടർ ബി.സന്തോഷ്, സബ് ഇൻസ്പെക്ടർമാരായ പ്രശാന്ത് ബി.നായർ, അഭിജിത്ത്, എൻ.രാജേന്ദ്രൻ എ.എസ്.ഐ അബ്ദുൾ സത്താർ, എസ്.സി.പി.ഒമാരായ നജാഷ്, അനിൽകുമാർ എന്നിവരാണ് ഉണ്ടായിരുന്നത്.